### (iii) ആധുനിക ഘട്ടം

20–ാം നൂറ്റാണ്ടിന്റെ മധ്യത്തിൽ മുസ്‌ലിം രാജ്യങ്ങൾ പാശ്ചാത്യൻ മേല്ക്കോയ്മയിൽനിന്ന് വിമോചിതമായതിനുശേഷമുള്ള ചരിത്രമാണ് ഇസ്‌ലാമിക സമൂഹത്തിന്റെ വർത്തമാനകാല ചരിത്രം. മുസ്‌ലിം ഭൂപ്രദേശങ്ങൾ അശാസ്ത്രീയമായ രീതിയിൽ വെട്ടിമുറിച്ചും കൊച്ചുകൊച്ചു കഷ്ണങ്ങളാക്കിയുമാണ് പാശ്ചാത്യ സാമ്രാജ്യത്വം അവർക്ക് സ്വാതന്ത്ര്യം നല്കിയത്. ഇസ്‌ലാമിന്റെ രാഷ്ട്രീയ ശക്തി ഇനിയൊരിക്കലും കരുത്താർജിക്കരുതെന്ന ഉദ്ദേശ്യത്തോടെയായിരുന്നു അത്. മുസ്‌ലിം രാജ്യങ്ങളെ പരസ്പരം പോരടിപ്പിക്കുന്നതിനായി ഒട്ടേറെ രാഷ്ട്രങ്ങൾക്കിടയിൽ തീരാത്ത അതിർത്തിപ്രശ്നങ്ങൾ അവശേഷിപ്പിക്കുകയും ചെയ്തു. അതിനു പുറമേ ഇസ്‌ലാമിക ലോകത്തിന് തലവേദനയാകുമാറ് അവരുടെ മധ്യത്തിൽ അവിഹിതമായ മാർഗത്തിലൂടെ ഒരു കൃത്രിമ ജൂതരാഷ്ട്രം സൃഷ്ടിക്കുകയും ചെയ്തു. ഈ ജൂതരാഷ്ട്രത്തിന്റെ പേരിൽ നടന്ന യുദ്ധങ്ങളും സംഘർഷങ്ങളുമാണ് വർത്തമാനകാല ഇസ്‌ലാമിക ചരിത്രത്തിന്റെ പ്രധാന പങ്കും അപഹരിച്ചത്. നടേ പറഞ്ഞ അതിർത്തിപ്രശ്നത്തിന്റെ പേരിൽ ഉടലെടുത്ത സംഘർഷങ്ങളാണ് ഇറാൻ–ഇറാഖ് യുദ്ധവും ഇറാഖും കുവൈതും തമ്മിലുള്ള ഉരസലിലൂടെ ആരംഭിച്ച ഗൾഫ് യുദ്ധവും. ഇറാൻ– ഇറാഖ് യുദ്ധവും ഇറാഖിന്റെ സമ്പൂർണ നാശത്തിൽ കലാശിച്ച ഗൾഫ് യുദ്ധവും വർത്തമാന കാല ഇസ്‌ലാമിക ചരിത്രത്തിലെ ദാരുണമായ അധ്യായങ്ങളാണ്. വൈകല്യങ്ങളും പാകപ്പിഴവുകളും കണ്ടേക്കാമെങ്കിലും അമേരിക്കൻ സാമ്രാജ്യത്വത്തെ വെല്ലുവിളിച്ചുകൊണ്ട് ഇറാനിൽ ഒരിസ്‌ലാമിക വിപ്ലവം വിജയകരമായി അരങ്ങേറിയതും ധീരവും വിസ്മയാവഹവുമായ ചെറുത്തുനില്പിലൂടെ അഫ്ഗാൻ മുജാഹിദുകൾ സോവിയറ്റ് സാമ്രാജ്യത്വത്തെ അടിയറവ് പറയിച്ചതും ആധുനിക ഇസ്‌ലാമിക ചരിത്രത്തിലെ മികവുറ്റ അധ്യായങ്ങൾ തന്നെ. സൂക്ഷ്മ വിശകലനത്തിൽ നവകൊളോണിയലിസം ആസൂത്രിതമായി പ്രചരിപ്പിക്കുന്ന പാശ്ചാത്യൻ സംസ്കാരവും ഇസ്‌ലാമും തമ്മിലുള്ള സംഘട്ടനമാണ് സമകാലിക ഇസ്‌ലാമിക ചരിത്രമെന്ന് കാണാൻ പ്രയാസമില്ല. ഈ സംഘട്ടനം മധ്യപൗരസ്ത്യ ദേശത്തുമാത്രം ഒതുങ്ങിനില്ക്കാതെ സോവിയറ്റ്– മധ്യേഷ്യൻ മേഖലയിലും ബാൾക്കൻ റിപ്പബ്ലിക്കുകളിലും വ്യാപിച്ചതിന്റെ തെളിവാണ് അവിടങ്ങളിൽ ശക്തമായിക്കൊണ്ടിരിക്കുന്ന നവജാഗരണ സംരംഭങ്ങൾ. ഈ നവജാഗരണത്തിന്റെ അനുരണനം യൂറോപ്പിലും അമേരിക്കയിലുമെല്ലാം ചലനം സൃഷ്ടിച്ചുകൊണ്ടിരിക്കുന്നുവെന്നതും ആശാവഹമായ വസ്തുതയാണ്. ഈ സംഘട്ടനത്തിൽ അന്തിമവും നിർണായകവുമായ വിജയം ആർക്ക് എന്നതിനെ ആശ്രയിച്ചായിരിക്കും ഇസ്‌ലാമിക സമൂഹത്തിന്റെ ഭാവി. ഇതിന് ധൈഷണികമായ കരുത്ത് പകർന്നുകൊണ്ട് 20–ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ ആരംഭിച്ച ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ ഇപ്പോഴും രംഗത്ത് സജീവമാണെന്ന വസ്തുതയും ഇസ്‌ലാമിക ചരിത്രത്തിന് ശുഭോദർക്കമായ ഒരു ഭാവിയെക്കുറിച്ച പ്രതീക്ഷ നല്കുന്നുണ്ട്.